(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ മഴവെള്ളം ശേഖരിക്കുന്ന പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കാനായി പദ്ധതിയൊന്നും സർക്കാർ വിഭാവനം ചെയ്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വെള്ളം കുപ്പിയിലും കന്നാസുകളിലുമായി വിൽക്കുന്ന പദ്ധതി

37 [6002] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിപ്പോകൾ സ്ഥാപിച്ച് ശുദ്ധജലം കുപ്പിയിലും കന്നാസുകളിലുമായി വിൽക്കുന്ന പദ്ധതിയുടെ അനന്തര നടപടികൾ സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം റദ്ദ് ചെയ്തതിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) ഇത്തരം ഒരു പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വെള്ളം വിൽപ്പന നടത്തുവാനുള്ള പദ്ധതി

38 [6003] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. സാജുപോൾ:
,, കെ. വി. കുഞ്ഞിരാമൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

വെള്ളം വിൽപ്പന നടത്തുവാനുള്ള പദ്ധതികൾക്ക് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

ഉത്തരം

ഇല്ല.

നഗരങ്ങളിലെ അഴുക്കുജല നിർഗ്ഗമനത്തിനുള്ള സംവിധാനം

39 [6004] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ അഴുക്കുജല നിർഗ്ഗമനത്തിനുള്ള സംവിധാനം പരിമിതമായതുമൂലം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ഇതിനകം എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി) നഗരപ്രദേശങ്ങളിൽ വൃത്തിഹീനമായി കിടക്കുന്ന കുളങ്ങളും തോടുകളും വൃത്തിയാക്കുന്നതിന് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിലെ നിലവിലുള്ള സ്വീവറേജ് സ്കീം വിപുലീകരിക്കുന്നതിന് ഒരു പദ്ധതി ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ നിലവിലുള്ള സംവിധാനത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി അർബൻ സ്വീവറേജ് സ്കീമിൽ ഉൾപ്പെടുത്തി സമാന്തര പൈപ്പുലൈനുകൾ സ്ഥാപിക്കുക, പുതിയ മാൻഹോളുകൾ നിർമ്മിക്കുക, മാൻഹോളുകൾ റോഡ് നിരപ്പിലേക്ക് ഉയർത്തുക തുടങ്ങിയ പണികൾ ചെയ്തുവരുന്നു. തിരുവനന്തപുരം ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ പഴവങ്ങാടി, തമ്പാനൂർ ഭാഗങ്ങളിലെ വെള്ളപ്പൊക്കം തടയുന്നതിനും മലിനജലം ഒഴുകിപോകുന്നതിനുമുള്ള ഒരു പദ്ധതിക്ക് സർക്കാർ അനുമതി നൽകുകയും പ്രസ്തുത പണികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിലെ ഡ്രെയിനേജ് പദ്ധതികൾ ഫണ്ട്, സ്ഥലം എന്നിവയുടെ ലഭ്യത അനുസരിച്ച് ഏറ്റെടുത്ത് നടത്തുന്നതാണ്. "ഗുരുവായൂർ ടൗണിന്റെ വികസനം-പട്ടണത്തിലെ ജല നിർഗ്ഗമന സംവിധാനം മെച്ചപ്പെടുത്തൽ" എന്ന പണി 2003-04 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷൻ, മട്ടാഞ്ചേരി, പള്ളുരുത്തി, എറണാകുളം എന്നീ പ്രദേശങ്ങളിൽ സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി, ഡി) ഇത്തരത്തിൽപ്പെട്ട എം. ഐ. ക്ലാസ്-II പ്രവൃത്തികൾ പ്രാദേശിക ഗവൺമെന്റുകൾ മുഖാന്തിരമാണ് ചെയ്യുന്നത്. തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിവാരണപദ്ധതിയിലും തലസ്ഥാന നഗരവികസന പദ്ധതിയിലും ഉൾപ്പെടുത്തി കുളങ്ങളുടെ സംരക്ഷണവും സൗന്ദര്യവൽക്കരണവും നടത്തി കുളങ്ങളെ പൊതുസ്വത്തായും വൃത്തിയായും സൂക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി ചെറുകിട ജലസേചന വിഭാഗത്തിന്റെ കീഴിൽ തയ്യാറാക്കിവരുന്നു.

പ്ലാച്ചിമട പ്രദേശത്തെ കുടിവെള്ള പരിശോധന

40 [6005] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കക്കോള ഫാക്ടറിയിലെ ഖരമാലിന്യങ്ങൾ കുന്നുകൂടുന്ന പ്രദേശങ്ങളിലെ കുടിവെള്ളത്തിൽ വിഷാംശം കലർന്നിട്ടുണ്ട് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly